Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**3rd November 2021**

## തദ്ദേശ ഉപതിരഞ്ഞെടുപ്പ് – വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് 5 മുതൽ വീണ്ടും അവസരം

സംസ്ഥാനത്തെ മൂന്ന് ജില്ലാ പഞ്ചായത്ത് വാർഡുകൾ ഉൾപ്പെടെ 32 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് നവംബർ 5 മുതൽ 8 വരെ വീണ്ടും അവസരമുള്ളതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു. വോട്ടർപട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും സമർപ്പിക്കാം.

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി 12 ജില്ലകളിലെ 32 തദ്ദേശ വാർഡുകളിലേയും അന്തിമ വോട്ടർപട്ടിക സെപ്തംബർ 30 ന് പ്രസിദ്ധീകരിച്ചിരുന്നു. വോട്ടർപട്ടിക www.lsgelection.kerala.gov.in എന്ന വെബ്സൈറ്റിലും ബന്ധപ്പെട്ട പഞ്ചായത്ത്, നഗരസഭ, താലൂക്ക്, വില്ലേജ് ഓഫീസുകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകളും ആക്ഷേപങ്ങളും പരിശോധിച്ച് സപ്ലിമെന്ററി വോട്ടർപട്ടികകൾ 17 ന് പ്രസിദ്ധീകരിക്കും.

ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ അരൂർ, പാലക്കാട് ജില്ലാ പഞ്ചായത്തിലെ ശ്രീകൃഷ്ണപുരം, കോഴിക്കോട് ജില്ലാ പഞ്ചായത്തിലെ നൻമണ്ട വാർഡുകളിലും, തിരുവനന്തപുരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ഇടയ്ക്കോട്, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിലെ പോത്തൻകോട്, തൃശ്ശൂർ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ അഴീക്കോട്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിലെ ചുങ്കമന്ദം വാർഡുകളിലും, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ വെട്ടുകാട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ ഗാന്ധിനഗർ വാർഡുകളിലും, തിരുവനന്തപുരം-വിതുര-പൊന്നാംചുണ്ട്, കൊല്ലം-ചിതറ-സത്യമംഗലം, കൊല്ലം-തേവലക്കര-നടുവിലക്കര, കോട്ടയം-കാണക്കാരി-കളരിപ്പടി, കോട്ടയം-മാഞ്ഞൂർ-മാഞ്ഞൂർ സെൻട്രൽ, ഇടുക്കി-രാജക്കാട്-കുരിശുംപടി, ഇടുക്കി-ഇടമലക്കുടി-വടക്കേഇടലി പാറക്കുടി, തൃശ്ശൂർ-കടപ്പുറം-ലൈറ്റ് ഹൗസ്, പാലക്കാട്-തരൂർ-തോട്ടുവിള, പാലക്കാട്-എരുത്തേമ്പതി-മൂങ്കിൽമട, പാലക്കാട്-എരുമയൂർ-അരിയക്കോട്, പാലക്കാട്-ഓങ്ങല്ലൂർ-കർക്കിടകച്ചാൽ, മലപ്പുറം-പൂക്കോട്ടൂർ-ചീനിക്കൽ, മലപ്പുറം-കാലടി-ചാലപ്പുറം, മലപ്പുറം-തിരുവാലി-കണ്ടമംഗലം, മലപ്പുറം-ഊർങ്ങാട്ടിരി-വേഴക്കോട്, മലപ്പുറം-മക്കരപ്പറമ്പ്-കാച്ചിനിക്കാട് പടിഞ്ഞാറ്, കോഴിക്കോട്-കൂടരഞ്ഞി-കൂമ്പാറ, കോഴിക്കോട്-ഉണ്ണികുളം-വള്ളിയോത്ത്, കണ്ണൂർ-എരുവേശി-കൊക്കമുള്ള് എന്നീ ഗ്രാമ പഞ്ചായത്ത് വാർഡുകളിലും എറണാകുളം-പിറവം-ഇടപ്പിള്ളിച്ചിറ, തൃശ്ശൂർ-ഇരിങ്ങാലക്കുട-ചാലാംപാടം, കാസർഗോഡ്-കാഞ്ഞങ്ങാട്-ഒഴിഞ്ഞവളപ്പ് എന്നീ മുനിസിപ്പാലിറ്റി വാർഡുകളിലും ഈ അവസരം ലഭിക്കും.

*(എസ്.ഇ.സി.23/2021)*